# INDIAN SCHOOL NIZWA

## MALAYALAM - CLASS -VIII

## WORK SHEET

I.ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .

സ്വർണ്ണത്തെക്കാൾ വിലകൂടിയ ലോഹങ്ങളാണ് യുറേനിയം, പ്ലാറ്റിനം, റേഡിയം മുതലായവ. ഇവയുടെ ദൗർലഭ്യവും ആവശ്യത്തിന്റെ ആധിക്യവുമാണ് ഇതിനെ ഇത്രയധികം വിലപിടിപ്പുള്ളതാക്കുന്നത്.

യുറേനിയം സാന്ദ്രതകൂടിയ ഒരു വെളുത്ത ലോഹമാണ്.1789ൽ മാർട്ടിൻ ഹെൻറിച്ച് ക്ലാപ്പോർത്ത് ഇത് കണ്ടുപിടിച്ചു.യുറാനൈറ്റ്, പിച്ച്ബ്ലെന്റ്, തുടങ്ങിയിട്ടുള്ള അയിരുകളെ സംസ്കരിച്ചാണ് ഈ ലോഹം എടുക്കുന്നത്

ഈ ലോഹത്തിൽ നിന്നും പ്രകാശകിരണങ്ങൾ സദാ നിർഗമിച്ചു കൊണ്ടിരിക്കുന്നു.അതിന്റെ ഫലമായി വീര്യം ക്ഷയിച്ച് യുറേനിയം ക്രമേണ കാരീയമായി പരിണമിക്കുന്നു.അനേക സഹസ്രം വർഷങ്ങൾ കൊണ്ടാണ് ഈ പരിണാമം പൂർത്തിയാകുന്നത്. രണ്ടാംലോകമഹായുദ്ധം അവസാനിക്കുന്നതിൽ യുറേനിയം എന്ന ലോഹം ഭീകരമെങ്കിലും സാരമായ പങ്കുവഹിച്ചു. യുറേനിയം ഉപയോഗിച്ച് അമേരിക്ക ആദ്യമായി ഉണ്ടാക്കിയ അണുബോംബാണ് യുദ്ധത്തിനു പൂർണ്ണവിരാമമിട്ടത്.

1.എന്തിനെ സംസ്കരിച്ചാണ് യുറേനിയം എടുക്കുന്നത് ?

2.യുറേനിയം എങ്ങനെയുള്ള ലോഹമാണ് ? ആരാണിതു കണ്ടുപിടിച്ചത് ?

3.സ്വർണ്ണത്തെക്കാൾ വിലകൂടിയ മറ്റ് ലോഹങ്ങൾ ഏതെല്ലാം ? എന്താണ് അതിന്റെ വില ഇത്രയധികം കൂടാൻ കാരണം ?

4. യുറേനിയം എങ്ങനെയാണ് കാരീയമായി പരിണമിക്കുന്നത് ? എത്ര വർഷം കൊണ്ട് ഇത് സംഭവിക്കുന്നു ?

5.രണ്ടാംലോക മഹായുദ്ധത്തിന് പൂർണ്ണവിരാമമിട്ടത് എന്താണ് ?